**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 479** **24-03-2025 - ൽ മറുപടിയ്ക്ക്**

**ആർദ്രം മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിൽ ആർദ്രം മിഷൻ ഗുണപരമായ എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ആരോഗ്യ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിലൂടെ എല്ലാവർക്കും താങ്ങാവുന്നതും പ്രാപ്യവും സമഗ്രവും ഗുണനിലവാരമുള്ളതുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ആർദ്രം മിഷന്റെ പ്രധാന ലക്ഷ്യം. ആർദ്രം മിഷന്റെ ആദ്യ ഘട്ടം മുതൽ തന്നെ ആരോഗ്യ സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകിയിരുന്നു. ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായും സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായും ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളായും പരിവർത്തനം ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതോടൊപ്പം താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ എന്നിവയിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ജനസൗഹൃദ സ്ഥാപനങ്ങളായി പരിവർത്തനം ചെയ്യാനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.<br><br>രോഗികൾക്കും കൂട്ടിരിപ്പുകാർക്കും അവരുടെ ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുവാനും സംശയങ്ങൾ നിവാരണം ചെയ്യുവാനും സാന്ത്വനം ലഭിക്കുവാനും വേണ്ട സംവിധാനങ്ങൾ ഒരുക്കുന്നതിലൂടെയാണ് ആശുപത്രികളെ ജനസൗഹൃദമാക്കുന്നത്. ഇതിനായി ആർദ്രം മിഷന്റെ ഭാഗമായി പരിവർത്തനം ചെയ്യുന്ന എല്ലാ ആശുപത്രികളിലും രോഗികൾക്കും കൂട്ടിരിപ്പുകാർക്കും |

വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, പ്രത്യേക രജിസ്ട്രേഷൻ കൗണ്ടറുകൾ, ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും ബുദ്ധിമുട്ടില്ലാതെ സഞ്ചരിക്കാനുള്ള റാമ്പുകളും റെയിലുകളും, രോഗികളുടെ സ്വകാര്യത ഉറപ്പ് വരുത്തുന്നതിന് പ്രത്യേക പരിശോധനാ മുറികൾ, ലാബ്, ഫാർമസി, ലാബിനും ഫാർമസിക്കും പ്രത്യേകം വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ മുറികളിൽ ടോക്കൺ സംവിധാനവും രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനായി പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, ടെലിവിഷൻ എന്നിവയും, ദിശാ ബോർഡുകൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും ഭിന്നശേഷിയുള്ളവർക്കും പ്രത്യേക ശുചിമുറികൾ എന്നിവയും ഉറപ്പാക്കുന്നു. ആർദ്രം മിഷന്റെ ഭാഗമായി പരിവർത്തനം ചെയ്യപ്പെടുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളും വയോജന/സ്ത്രീ/ഭിന്നശേഷി സൗഹൃദമാണ്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം ഗുണമേന്മയുള്ള സേവനങ്ങളും ഉറപ്പാക്കുന്നു.

ആർദ്രം മിഷന്റെ ഭാഗമായി പരിവർത്തനം ചെയ്യുന്ന എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രീചെക്ക്, പോസ്റ്റ്-ചെക്ക്, കൗൺസിലിംഗ്, ശ്വാസകോശ രോഗനിർണ്ണയത്തിനുള്ള ശ്വാസ് ക്ലിനിക്ക്, വിഷാദരോഗ നിർണ്ണയത്തിനുള്ള ആശ്വാസം ക്ലിനിക്ക്, മറ്റ് മാനസിക രോഗങ്ങളുടെ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി സമ്പൂർണ്ണ മാനസികാരോഗ്യം, കിടപ്പ് രോഗികൾക്ക് വേണ്ടി സാന്ത്വന പരിചരണം, ടെലീമെഡിസിൻ സംവിധാനം എന്നിവ ഉറപ്പ് വരുത്തുന്നു. ശാസ്ത്രീയമായ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമായി ക്ലിനിക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ (കോമ്പ്രീഹെൻസീവ് പ്രൈമറി ഹെൽത്ത്കെയർ ക്ളീനിക്കൽ ഗൈഡ് ലൈൻസ്) നിർവചിച്ച ഉത്തരവായിട്ടുണ്ട്. ക്ലിനിക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള ലാബ് പരിശോധനകളും മരുന്നുകളും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇതിനു പുറമേ രോഗികളുടെ ചികിത്സാ സംബന്ധമായ വിവരങ്ങൾ ശേഖരിക്കുന്നതിനും ചികിത്സാ രേഖകൾ ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ് (EHR) ആയി സൂക്ഷിക്കുവാനും വേണ്ടിയുള്ള ഇഹെൽത്ത് സംവിധാനവും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാണ്.

ആർദ്രം മിഷന്റെ ഭാഗമായി പരിവർത്തനം ചെയ്യുന്ന താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി

സേവനങ്ങളും ലക്ഷ്യ സ്റ്റാഡേർഡ്സ് പ്രകാരമുള്ള ലേബർ റൂം, ഡയാലിസിസ് യൂണിറ്റ്, ഐ.സി.യു / എച്ച്.ഡി.യു സേവനങ്ങളും, ഓപ്പറേഷൻ തീയറ്ററും, ബ്ലഡ് സ്റ്റോറേജ് യൂണിറ്റും ഉറപ്പാക്കുന്നു. ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും കാൻസർ കെയർ യൂണിറ്റ്, ലക്ഷ്യ സ്റ്റാഡേർഡ്സ് പ്രകാരമുള്ള ലേബർ റൂം, ഡയാലിസിസ് യൂണിറ്റ്, ഐ.സി.യു, ഓപ്പറേഷൻ തീയറ്റർ, ബ്ലഡ് ബാങ്ക് എന്നിവയും ഉറപ്പാക്കുന്നു. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപത്രികൾ വരെ പരിവർത്തനം ചെയ്യപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഒരുക്കേണ്ട ഭൗതിക സാഹചര്യങ്ങളും സേവനങ്ങളും മറ്റ് മാനദണ്ഡങ്ങളും അടങ്ങിയ വിശദമായ സ്റ്റാൻഡർഡൈസേഷൻ മാർഗ്ഗരേഖകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പരിവർത്തനം ചെയ്യപ്പെടുന്ന സ്ഥാപനങ്ങളിൽ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള സേവനങ്ങൾ ഉറപ്പാക്കാൻ വേണ്ടി 2016 മുതൽ ഇതിനോടകം വിവിധ വിഭാഗങ്ങളിലായി 4325 തസ്തികകൾ ആരോഗ്യ സേവന വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്.

പൊതുജനാരോഗ്യമേഖലയിൽ ജനപങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ ആരോഗ്യ ഉപകേന്ദ്രങ്ങളെയും ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്തു. നിലവിലെ ജീവനക്കാരെ കൂടാതെ സംസ്ഥാനത്തെ 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലേക്കും മിഡ് ലെവൽ സർവീസ് പ്രൊവൈഡേഴ്സ് (എം.എൽ.എസ്.പി) നെ നാഷണൽ ഹെൽത്ത് മിഷൻ മുഖേന നിയമിച്ചിട്ടുണ്ട്. മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളോടൊപ്പം ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് ആഴ്ചയിൽ ആറു ദിവസവും സേവനങ്ങൾ, 9 തരം ലാബ് പരിശോധനകളും 36 തരം മരുന്നുകളും, വാർഡ് തല ക്ലിനിക്കുകളും സേവനങ്ങളും, ടെലിമെഡിസിൻ, ടെലികൺസൾട്ടേഷൻ സേവനങ്ങൾ എന്നിവയും ജനകീയ ആരോഗ്യകേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്നു. ആരോഗ്യ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടു കൂടി സംഘടിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജനകീയ ആരോഗ്യ ക്ലബ്ബുകൾ രൂപീകരിച്ചു സേവനങ്ങൾ ഉറപ്പാക്കുന്നു.

ആർദ്രം മിഷന്റെ ഭാഗമായി പരിവർത്തനം ചെയ്ത സ്ഥാപനങ്ങളിൽ മികച്ച സംവിധാനങ്ങൾ ഒരുക്കുന്നതിനോടൊപ്പം അവയെ ദേശീയ

ഗുണനിലവാര മാനദണ്ഡ പ്രകാരമുള്ള സംവിധാനങ്ങളും സേവനങ്ങളും ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ 202 ആശുപത്രികൾക്ക് എൻ.ക്യൂ.എ.എസ് (നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ്) അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. 5 ജില്ലാ ആശുപത്രികൾ, 5 താലൂക്ക് ആശുപത്രികൾ, 11 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 41 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 136 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 4 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നീ ആരോഗ്യ സ്ഥാപനങ്ങൾക്കാണ് ഇതുവരെ എൻ.ക്യൂ.എ.എസ് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളത്. കൂടാതെ നാളിതുവരെ 85 ആശുപത്രികൾക്ക് എൻ.ക്യൂ.എ.എസ് പുനഃ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

ഭൗതിക സാഹചര്യങ്ങളും ആരോഗ്യ സേവനങ്ങളും മെച്ചപ്പെടുത്തുന്നതിനൊപ്പം രോഗ പ്രതിരോധ, ആരോഗ്യ വർദ്ധക സേവനങ്ങളും പുനരധിവാസം, സാന്ത്വന പരിചരണം എന്നിവയും മെച്ചപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങളും ആർദ്രം മിഷന്റെ ഭാഗമായി നടപ്പിലാക്കുന്നു. ആർദ്രം മിഷൻ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ പ്രധാനമായും ഈ മേഖലയിൽ ഊന്നിയുള്ളതാണ്.

മുപ്പത് വയസ്സിന് മുകളിൽ പ്രായമായ എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും സ്ക്രീൻ ചെയ്യുന്നതിലൂടെ ജീവിതശൈലീ രോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തി ചികിത്സിക്കാനുള്ള സംവിധാനം ഒരുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് വാർഷിക ആരോഗ്യ പരിശോധന. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 1,54,26,178 വ്യക്തികളുടെ സ്ക്രീനിങ് പൂർത്തിയാക്കുകയും 8,04,891 പേർക്ക് രക്താതിമർദ്ദവും 68,283 പേർക്ക് പ്രമേഹവും പുതുതായി കണ്ടെത്തി. രണ്ടാം ഘട്ടത്തിൽ 15/03/25 വരെ 1,15,50,929 വ്യക്തികളുടെ സ്ക്രീനിങ് പൂർത്തിയാക്കുകയും 2,04,527 പേർക്ക് രക്താതിമർദ്ദവും 9 17,160 പേർക്ക് പ്രമേഹവും പുതുതായി കണ്ടെത്തി.

ഫീൽഡ് തല സ്ക്രീനിംഗ്, പരിശോധനകൾ, നേരത്തെയുള്ള രോഗനിർണ്ണയം എന്നിവ വഴി

കാൻസർ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിച്ച് ചികിത്സ ഉറപ്പാക്കാനുള്ള പദ്ധതിയാണ് കാൻസർ കെയർ പദ്ധതി. വാർഷിക ആരോഗ്യ പരിശോധനയുടെ ഒന്നാം ഘട്ടത്തിൽ 9,13,485 പേർക്കും രണ്ടാം ഘട്ടത്തിൽ (15/03/25 വരെ) 2,26,862 പേർക്കും കാൻസർ സാധ്യത കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ഉറപ്പാക്കിയിട്ടുണ്ട്. കാൻസർ രോഗ സാധ്യതയുള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച ജില്ലാ തല ലാബുകളിൽ അയച്ച രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനവും ഈ പദ്ധതിയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തെ മൂന്ന് കാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ കാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യവകുപ്പിലെ ജില്ലാ കാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള കാൻസർ ഗ്രിഡ് സംവിധാനവും പ്രവർത്തനക്ഷമമാണ്. കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' എന്ന ഒരു വർഷം നീണ്ടു നിൽക്കുന്ന ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിന്റെ ആദ്യ ഘട്ടത്തിൽ സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, സെർവിക്കൽ ക്യാൻസർ എന്നിവയ്ക്ക് സ്ക്രീനിംഗ് നടത്തി തുടർപരിശോധനകളും ചികിത്സയും ഉറപ്പാക്കുവാനാണ് ലക്ഷ്യമിട്ടത്. ആദ്യ ഘട്ട ക്യാമ്പയിനിൽ പങ്കെടുത്തുകൊണ്ട് 12 ലക്ഷത്തിലധികം (12,01,691) പേർ കാൻസർ സ്ക്രീനിംഗ് നടത്തി. സ്ക്രീൻ ചെയ്തതിൽ 44,361 പേർക്ക് കാൻസർ സാധ്യത കണ്ടെത്തി തുടർ പരിശോധനകൾക്കായി റഫർ ചെയ്തു.

മികച്ച രോഗനിർണ്ണയ സംവിധാനങ്ങൾ സാധാരണക്കാർക്ക് കൂടി പ്രാപ്യമാകുക എന്ന ലക്ഷ്യത്തോടെ ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ച കൊണ്ട് ആരംഭിച്ച നിർണ്ണയ ലാബ് നെറ്റ്‌വർക്കിംഗ് സംവിധാനവും എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. കാൻസർ പരിശോധന, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ്, എ.എം.ആർ പരിശോധന മുതലായവ ഈ സംവിധാനം വഴി പരിശോധിക്കുന്നു.

വയോജന-സാന്ത്വന പരിചരണ സംവിധാനങ്ങളെ എകോപിപ്പിച്ച് ഏകീകൃത പരിചരണ സംവിധാനം ഒരുക്കുന്നതിനും രജിസ്ട്രിയുടെ സഹായത്തോടെ

സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതിയാണ് വയോജന-സാന്ത്വന പരിചരണം. നിലവിൽ സംസ്ഥാനത്ത് 1,142 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,56,078 രോഗികൾക്കും 345 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 26,867 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഇത് കൂടാതെ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലും ഹോമിയോ വകുപ്പിന് കീഴിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കിടപ്പിലല്ലാത്ത ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉള്ള 1,47,479 രോഗികൾക്കും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലൂടെ സേവനങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്ത് ഗുണമേന്മയിൽ അധിഷ്ഠിതമായ പാലിയേറ്റീവ് പരിചരണം പൂർണതോതിൽ യാഥാർത്ഥ്യമാക്കുക ലക്ഷ്യമിട്ട് ഗ്രാമ, നഗര വ്യത്യാസമില്ലാതെ പാലിയേറ്റീവ് പരിചരണം ആവശ്യമായ മുഴുവൻ ആളുകളെയും കുടുംബങ്ങളെയും കണ്ണി ചേർത്തുകൊണ്ട് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ മികച്ച പരിചരണം ഉറപ്പാക്കാനായി പാലിയേറ്റീവ് ഗ്രിഡ് സംവിധാനം ആരംഭിച്ചിട്ടുണ്ട്.

ഇത് കൂടാതെ വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ നൽകുവാൻ ലക്ഷ്യമിട്ട് സംസ്ഥാനത്തെ 21 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ച് പാലിയേറ്റിവ് കെയർ രോഗികൾക്കും, വയോജനങ്ങൾക്കുമായി ഫിസിയോതെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

ജന്തുജന്യ രോഗങ്ങൾക്ക് കാരണമാവുന്ന അസാധാരണ സാഹചര്യങ്ങളും അതുമായി ബന്ധപ്പെട്ട ഘടകങ്ങളും മുൻകൂട്ടി കണ്ടെത്തി പൊതുജന പങ്കാളിത്തത്തോടെയുള്ള ഇടപെടലുകൾ വഴി രോഗപകർച്ച തടയുവാൻ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയാണ് ഏകാരോഗ്യം. ഈ പദ്ധതിയുടെ ഭാഗമായി സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം ശക്തിപ്പെടുത്തുന്നതിനായി 2,50,000 സന്നദ്ധസേവകർക്ക് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ പരിശീലനം നൽകി വിന്യസിച്ചു. ഇതോടൊപ്പം ആന്റിബയോട്ടിക്കുകളുടെ അനാവശ്യവും അശാസ്ത്രീയവുമായ ഉപയോഗം

തടയാൻ ലക്ഷ്യമിട്ടുള്ള ക്യാമ്പയിനുകളും നടപ്പിലാക്കി വരുന്നു. ആരോഗ്യ വകുപ്പിന്റെ ഇടപെടലുകളുടെ ഫലമായി ആൻറിബയോട്ടിക്കുകളുടെ ഉപയോഗത്തിൽ 20 മുതൽ 30 ശതമാനം വരെ കുറവുണ്ടായി.

മന്ത്, മലയേറിയ, ക്ഷയരോഗം, കാലാ അസർ തുടങ്ങിയ സാംക്രമിക രോഗങ്ങൾ നിവാരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും ഊർജ്ജിതമാക്കുകയും, കൂടാതെ, സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലും കുറഞ്ഞത് പത്ത് കിടക്കകൾ വീതമെങ്കിലുമുള്ള ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുവാനും ആർദ്രം മിഷന്റെ ഭാഗമായി പദ്ധതിയുണ്ട്. ഇതിൽ ആദ്യ ഘട്ടത്തിൽ നിർമ്മാണം ആരംഭിച്ച 85 സ്ഥലങ്ങളിൽ 51 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയായി.

ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ മേഖലയിൽ സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമായി സംസ്ഥാനത്തെ ആരോഗ്യ രംഗത്തെ ചികിത്സാ ചിലവുകൾ (ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചർ) പത്ത് വർഷം മുൻപ് ഉള്ളതിനേക്കാൾ പകുതിയായി കുറഞ്ഞിട്ടുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമായതിനാലാണ് ഈ നേട്ടം കൈവരിക്കാനായത്.

ആർദ്രം മിഷന്റെ പ്രവർത്തനങ്ങളുടെ കൂടെ ഫലമായി നിലവിൽ ആരോഗ്യവുമായി ബന്ധപ്പെട്ട 11 സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ 4 എണ്ണം കേരളം കൈവരിച്ചു കഴിഞ്ഞു.

ആർദ്രം മിഷന്റെ പ്രവർത്തനങ്ങളുടെ ഫലമായി പൊതുജനാരോഗ്യ സ്ഥാപനങ്ങളെ ആശ്രയിക്കുന്ന ജനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാൻ സാധിച്ചു. ഇതോടൊപ്പം മിഷന്റെ ഭാഗമായ വിപുലമായ പൊതുജനാരോഗ്യ പ്രവർത്തനങ്ങളിലൂടെ രോഗാതുരത കുറയ്ക്കാനും സാധിച്ചു. ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചതിലൂടെ നീതി ആയോഗിന്റെ ആരോഗ്യ സൂചകങ്ങളിൽ തുടർച്ചയായി ഒന്നാം സ്ഥാനം നിലനിർത്തുവാനും സാധിച്ചു. സർക്കാർ ആരോഗ്യ

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിലെ ഭൗതീക സാഹചര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തിയതിലൂടെ ചികിത്സാ ചെലവിലും ഗണ്യമായ കുറവ് വരുത്താൻ സാധിച്ചു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി രോഗികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കാനായിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | രോഗികളുടെ വ്യക്തിഗത ഡാറ്റാബാങ്ക് തുടർപരിശോധനകളിലും ചികിത്സാ രംഗത്ത് പുരോഗതി നേടുന്നതിനും ഉപകരിക്കുന്നതോടൊപ്പം വ്യക്തിഗത ഡാറ്റയുടെ സുരക്ഷിതത്വത്തിനായും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്.<br><br>രോഗികളുടെ വ്യക്തിഗത ഡാറ്റയുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ശക്തമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇ- ഹെൽത്ത് ഡാറ്റാബെയ്സ്, ഇ-ഹെൽത്ത് പോർട്ടൽ എല്ലാം തന്നെ എസ്.എസ്. എൽ (സെക്യൂർ സോക്കറ്റ് ലെയർ) സർട്ടിഫിക്കറ്റ് ഉപയോഗിച്ചുള്ള സുരക്ഷിത കണക്ഷൻ, സി ഇ ആർ ടി - കെ (കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം - കേരള), സി ഇ ആർ ടി - ഐ.എൻ (കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം - IN) പോലുള്ള അംഗീകൃത ഏജൻസികളുടെ സുരക്ഷാ പരിശോധനകൾ, നിർമ്മിത ബുദ്ധി ( എ ഐ) അധിഷ്ഠിത വെബ് ആപ്ലിക്കേഷൻ ഫയർവാൾ, കേരള സ്റ്റേറ്റ് ഡാറ്റാ സെന്ററിലെ ഡാറ്റാബേസ് ഹോസ്റ്റിംഗ്, കെ.എസ്.ഡബ്ല്യൂ.എ.എൻ, വി പി എൻ/എം പി എൽ എസ് /പി 2 പി കണക്ഷനുകൾ വഴിയുള്ള ആക്സസ് നിയന്ത്രണം, മൾട്ടി-ഫാക്ടർ ഓതെന്റിക്കേഷൻ, ഫംഗ്ഷണൽ ടെസ്റ്റിംഗിന് ശേഷമുള്ള സോഫ്റ്റ്‌വെയർ റിലീസ്, മൂന്നാം കക്ഷികളുടെ സുരക്ഷാ പരിശോധന, കർശനമായ ആക്സസ് നിയന്ത്രണങ്ങൾ എന്നിവയെല്ലാം ഡാറ്റാ സുരക്ഷ ഉറപ്പാക്കുന്നു. |

സെക്ഷൻ ഓഫീസർ